"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കൊല്ലം കാഷ്യു സ്പെഷ്യൽ ഓഫീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിലവിൽ അന്യത്ര സേവനം അനുഷ്ഠിച്ച വരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിൽ സീനിയർ ക്ലർക്കായ ശ്രീമതി രേഖ ആർ എസ് -ന് 27/09/2025 മുതൽ 15/10/2025 വരെ പ്രത്യേക അവശത അവധി (special disability leave) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1538/2025/ID തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:- സ്പെഷ്യൽ ഓഫീസർ (കാഷ്യു) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ 01/11/2025, 12/12/2025 എന്നീ തീയതികളിലെ ബി.291/2021/കാഷ്യു. സ്പെഷ്യൽ നമ്പർ കത്തുകൾ.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ കാഷ്യു സ്പെഷ്യൽ ഓഫീസിൽ ജോലി ചെയ്ത വരുന്ന ശ്രീമതി രേഖ ആർ എസ് (സീനിയർ ക്ലാർക്ക്) 26/09/2025 -ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഓഫീസിൽ വച്ച് കാല് വഴുതി വീണ് പരിക്ക് പറ്റിയതായും ആയതിനാൽ ശ്രീമതി രേഖയ്ക്ക് 27/09/2025 മുതൽ 15/10/2025 വരെ പ്രത്യേക അവശത അവധി (special disability leave) അനുവദിക്കണമെന്നും പരാമർശം കത്ത് പ്രകാരം കാഷ്യു സ്പെഷ്യൽ ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കാഷ്യു സ്പെഷ്യൽ ഓഫീസിലെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ശ്രീമതി രേഖ ആർ എസ് 26/09/2025 -ന് ഓഫീസിലെ പടിക്കെട്ടിൽ നിന്ന് കാൽ വഴുതി വീണ് കാലിന് പരിക്ക് പറ്റിയതായും തുടർന്ന് ഡോക്ടർ പൂർണ്ണ വിശ്രമം നിർദ്ദേശിച്ചിരുന്നെന്നും പ്രസ്തുത സംഭവം നേരിട്ട് കണ്ട് ബോധ്യപ്പെട്ടതാണെന്നും കാഷ്യു സ്പെഷ്യൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചട്ട പ്രകാരമുള്ള അവധി അപേക്ഷയും ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റും സമർപ്പിക്കുകയും ചെയ്തിരുന്നു.

2) മേൽ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി രേഖ ആർ എസ് -ന് ഔദ്യോഗിക കൃത്യ നിർവഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിച്ച അവശതയ്ക്ക്, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും, ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചതെന്ന മേലധികാരിയുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ, കെ.എസ്.ആർ ഭാഗം I, ചട്ടം 98 പ്രകാരം 27/09/2025 മുതൽ 15/10/2025 വരെ (19 days) പ്രത്യേക അവശത അവധി (special disability leave) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DILEEPKUMAR R

അണ്ടർ സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ (കാഷ്യു) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന

ഏജൻസി, കൊല്ലം.
ശ്രീമതി രേഖ ആർ എസ്, സ്പെഷ്യൽ ഓഫീസ് (കാഷ്യു), കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No. K2/136/2025/ID).

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Simi Jose V
Date: 26-12-2025 11:52:10